


*പ്രസ് കൗൺസിലിന്റെ വികസനോന്മുഖ റിപ്പോർട്ടിംഗിനുള്ള ദേശീയ അവാർഡ് കേന്ദ്രധനമന്ത്രി അരുൺ ജയ്റ്റ്‌ലി കേരളകൗമുദി ഡെപ്യൂട്ടി എഡിറ്റർ വി.എസ്. രാജേഷിന് സമ്മാനിക്കുന്നു. പ്രസ് കൗൺസിൽചെയർമാൻ ജസ്റ്റിസ് ചന്ദ്രമൗലി പ്രസാദ് സമീപം*

# മാദ്ധ്യമങ്ങൾക്ക് വിശ്വാസ്യത അനിവാര്യം: അരുൺ ജയ്റ്റ്‌ലി

**സ്വന്തം ലേഖകൻ**

ന്യൂഡൽഹി: മാദ്ധ്യമ പ്രവർത്തനത്തിൽ വിശ്വാസ്യത അനിവാര്യമാണെന്ന് കേന്ദ്രധനമന്ത്രി അരുൺജയ്റ്റ്‌ലി പറഞ്ഞു. വികസനോന്മുഖ റിപ്പോർട്ടിംഗിനുള്ള പ്രസ് കൗൺസിലിന്റെ ദേശീയ അവാർഡ് കേരള കൗമുദി ഡെപ്യൂട്ടി എഡിറ്റർ വി.എസ്. രാജേഷിന് സമ്മാനിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പൊതുജനസമ്മതി സ്വരൂപിക്കുന്നിടത്താണ് മാദ്ധ്യമ വിജയം. അഭിപ്രായ സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ച് മാത്രം പ്രവർത്തിക്കാനാകില്ല. കച്ചവട താത്പര്യക്കാരുടെ തള്ളിക്കയറ്റം യഥാർത്ഥ മാദ്ധ്യമ പ്രവർത്തനത്തെ ചോദ്യം ചെയ്യുന്നതാണ്. സ്വാതന്ത്ര്യാനന്തരവും സർക്കാർ മാദ്ധ്യമ നിയന്ത്രണം നടപ്പാക്കിയിരുന്നു. സമൂഹമാദ്ധ്യമങ്ങളുടെ ഈ കാലത്ത് അടിയന്തരാവസ്ഥ വീണ്ടും പ്രഖ്യാപിച്ചാലും സെൻസറിംഗ് നടപ്പാക്കാൻ ബുദ്ധിമുട്ടായിരിക്കുമെന്നും ജയ്റ്റ്‌ലി പറഞ്ഞു.

സമഗ്രസംഭാവനയ്ക്കുള്ള രാജാറാം മോഹൻറോയ് അവാർഡ് മുതിർന്ന മാദ്ധ്യമ പ്രവർത്തകനും ഹിന്ദു ദിനപത്രം ചെയർമാനുമായ എൻ.റാമിന് നൽകി.

'ജീവൻ രക്ഷയിലും കച്ചവടം' എന്ന പേരിൽ കേരളകൗമുദി പ്രസിദ്ധീകരിച്ച പരമ്പരയ്ക്കാണ് 50,000 രൂപയും ഫലകവും അടങ്ങിയ അവാർഡ് വി.എസ്. രാജേഷിന് ലഭിച്ചത്. പരമ്പരയുടെ അടിസ്ഥാനത്തിൽ സ്റ്റെന്റുകളുടെ വില കേന്ദ്ര സർക്കാർ ഗണ്യമായി കുറച്ചിരുന്നു. റൂറൽ റിപ്പോർട്ടിംഗ്, മികച്ച കാർട്ടൂൺ, സ്പോർട്സ് റിപ്പോർട്ടിംഗ് അവാർഡുകളും വിതരണം ചെയ്തു.

മാദ്ധ്യമങ്ങളെ നിയന്ത്രിക്കാനുള്ള നീക്കം അപലപനീയമാണെന്ന് അദ്ധ്യക്ഷത വഹിച്ച പ്രസ് കൗൺസിൽ ഒഫ് ഇന്ത്യ ചെയർമാൻ ജസ്റ്റിസ് ചന്ദ്രകുമാർ മൗലി പ്രസാദ് പറഞ്ഞു. ജൂറി അദ്ധ്യക്ഷൻ അമർ ദേവുലപ്പള്ളി റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസ്കൗൺസിൽ സെക്രട്ടറി അനുപമ ഭട്ട്നഗർ നന്ദിപറഞ്ഞു.

# തൃപ്തിക്കെതിരെ മുംബയിലും പ്രതിഷേധം

മുംബയ്: ശബരിമല ദർശനത്തിന് എത്തി പ്രതിഷേധത്തെ തുടർന്ന് മടങ്ങേണ്ടിവന്ന ഭൂമാതാ ബ്രിഗേഡ് നേതാവ് തൃപ്തി ദേശായിക്കെതിരെ മുംബയ് വിമാനത്താവളത്തിലും കടുത്ത പ്രതിഷേധം.

നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്ന് മുംബയ് അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ തൃപ്തി ദേശായിക്കെതിരെ നിരവധി ആളുകളാണ് പ്രതിഷേധവുമായെത്തിയത്.

മലയാളികളായ വിശ്വാസികളാണ് തൃപ്തിക്കെതിരെ പ്രതിഷേധവുമായി എത്തിയത്. നാമജപം നടത്തിയായിരുന്നു ഇവരുടെ പ്രതിഷേധം. ഇതേതുടർന്ന് മണിക്കൂറുകൾക്കു ശേഷമാണ് തൃപ്തിക്ക് വിമാനത്താവളത്തിൽനിന്ന് പുറത്തിറങ്ങാനായത്. പിന്നീട് പൊലീസ് സംരക്ഷണയിൽ ഇവരെ പൂനെയിലേക്ക് അയച്ചു.




*മുംബയ് വിമാനത്താവളത്തിലെ പ്രതിഷേധം*

ഇന്നലെ പുലർച്ചെ നെടുമ്പാശേരിയിലെത്തിയ തൃപ്തിക്ക് വിശ്വാസികളുടെ പ്രതിഷേധം കാരണം വിമാനത്താവളത്തിൽ നിന്ന് പുറത്തിറങ്ങാൻ സാധിക്കാതെ രാത്രി 9.30ന് മുംബയിലേയ്ക്ക് തിരിച്ചുപോകേണ്ടിവന്നിരുന്നു.

ശബരിമലയിലെത്താൻ താൻ തിരികെ വരുമെന്ന് ഇവർ തിരികെ പോകുന്നതിന് മുമ്പ് മാദ്ധ്യമങ്ങളോട് പറഞ്ഞിരുന്നു.

ഇതാണ് മുംബയിലെ പ്രതിഷേധത്തിന് കാരണമെന്നാണ് വിവരം.

# ഡൽഹിയിൽ പൊലീസിന് നേരെ ആക്രമണം

ന്യൂഡൽഹി: ഡൽഹിയിലെ രൺഹോളയിൽ പൊലീസിന് നേരെ ആക്രമണം. വ്യാജമദ്യം പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊലീസ് നടത്തിയ പരിശോധനയ്ക്കിടെയായിരുന്നു ഒരു സംഘം ആളുകൾ കൂട്ടം ചേർന്ന് ആക്രമണം അഴിച്ചുവിട്ടത്.

2 പൊലീസുകാർക്ക് ആക്രമണത്തിൽ പരിക്കേറ്റു. ഇവരെ അടുത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവിടെനിന്ന് വ്യാജമദ്യം പൊലീസ് പിടിച്ചെടുത്തു. ഒരുസംഘം ആളുകൾ ചേർന്ന് നടത്തിയ കല്ലേറിലാണ് പൊലീസുകാർക്ക് പരിക്കേറ്റത്. സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# മണിക് സർക്കാരിന്റെ വാഹന വ്യൂഹത്തിന് നേരെ ആക്രമണം

അഗർത്തല: ത്രിപുര മുൻ മുഖ്യമന്ത്രിയും മുതിർന്ന സി.പി.എം നേതാവുമായ മണിക് സർക്കാരിന്റെ വാഹനവ്യൂഹത്തിന് നേരെ ആക്രമണം. ഇന്നലെ വൈകിട്ട് അഗർത്തലയിൽ നിന്നും 25 കിലോമീറ്റർ അകലെയുള്ള രസ്തർമാത എന്ന സ്ഥലത്ത് വച്ചായിരുന്നു സംഭവം.

പൊതുയോഗത്തിൽ പങ്കെടുത്ത് അഗർത്തലയിലേക്ക് മടങ്ങവെയാണ് ആക്രമണം ഉണ്ടായത്. അക്രമത്തിന് പിന്നിൽ ബി.ജെ.പിയാണെന്ന് സി.പി.എം ആരോപിച്ചു.

മണിക് സർക്കാരിനെ കൂടാതെ മുൻ മന്ത്രിമാരായ ഭാനുലാൽ ഷാ, ഷാഹിദ് ചൗധരി, എം.എൽ.എമാരായ ശ്യാമൽ ചക്രബർത്തി, നാരായൺ ചൗധരി എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. നാരായൺ ചൗധരിക്ക് അക്രമത്തിൽ പരിക്കേറ്റു. സംഘത്തിന്റെ വാഹനങ്ങളും തകർന്നിട്ടുണ്ട്. ഇവരെ പിന്നീട് പൊലീസ് രക്ഷപ്പെടുത്തി അഗർത്തലയിൽ എത്തിക്കുകയായിരുന്നു.



*മണിക് സർക്കാരിന്റെ വാഹനവ്യൂഹം ആക്രമിച്ച നിലയിൽ*

# കൃഷ്ണ ഇന്ന് ഡൽഹിയിൽ പാടും

ന്യൂഡൽഹി: സംഘ്പരിവാറിന്റെ വിദ്വേഷപ്രചാരണത്തെതുടർന്ന് എയർപോർട്ട് അതോറിട്ടി ഒഫ് ഇന്ത്യ റദ്ദാക്കിയ കർണാടിക് സംഗീതജ്ഞൻ ടി.എം കൃഷ്ണയുടെ സംഗീത കച്ചേരി ആം ആദ്മി പാർട്ടി (ആപ്) സർക്കാരിന്റെ നേതൃത്വത്തിൽ ഇന്ന് ഡൽഹിയിൽ നടക്കും.

എയർപോർട്ട് അതോറിട്ടി നിശ്ചയിച്ച ദിവസം തന്നെയാണ് സർക്കാർ മുൻകൈയെടുത്ത് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.



*ടി.എം.കൃഷ്ണ*

ഡൽഹി സാകേതിലെ ഗാർഡൻ ഒഫ് ഫൈവ് സെൻസസിൽ വൈകിട്ട് 6.30നാണ് ടി.എം. കൃഷ്ണയുടെ പരിപാടി. കലയുടെയും കലാകാരന്മാരുടെയും അന്തസ്സ് സംരക്ഷിക്കുക എന്നത് ഏറെ പ്രാധാന്യമുള്ള കാര്യമാണെന്ന് ഡൽഹി സാംസ്കാരിക മന്ത്രി മനീഷ് സിസോദിയ പറഞ്ഞു.

2015ൽ പാക് ഗസൽ ഗായകൻ ഗുലാം അലിയുടെ പരിപാടി മുംബയിൽ സംഘ്പരിവാറിന്റെ ഭീഷണിയെത്തുടർന്ന് ഉപേക്ഷിച്ചപ്പോഴും ഡൽഹിയിൽ നടത്താൻ കെജ്‌രിവാൾ സർക്കാർ സൗകര്യം ഒരുക്കിയിരുന്നു.

flash

**വാർത്തകൾ**

| | | | |
|---|---|---|---|
| തിരുവനന്തപുരം | 9946103921 | തൃശൂർ | 9946108215 |
| കൊല്ലം | 9946103609 | പാലക്കാട് | 9946108215 |
| കോട്ടയം | 9946108298 | മലപ്പുറം | 9946108233 |
| ഇടുക്കി | 9946108298 | കോഴിക്കോട് | 9946100411 |
| പത്തനംതിട്ട | 9946107991 | വയനാട് | 9048845135 |
| ആലപ്പുഴ | 9946108352 | കണ്ണൂർ | 9946103707 |
| കൊച്ചി | 9947691819 | കാസർകോട് | 9946103707 |

**സർക്കുലേഷൻ**

| | |
|---|---|
| തിരുവനന്തപുരം | 9745319022 |
| കൊല്ലം | 9946108656 |
| കോട്ടയം | 9946108305 |
| കൊച്ചി | 9744183520 |
| കണ്ണൂർ | 9946108325 |

**പരസ്യം**

| | |
|---|---|
| തിരുവനന്തപുരം | 9446351752 |
| കൊല്ലം | 9946164454 |
| കോട്ടയം | 8907153153 |
| കൊച്ചി | 9946108342 |
| കണ്ണൂർ | 9946102106 |

**കത്തുകൾ**

keralakaumudi flash, kaumudi buildings, pettah p.o thiruvananthapuram-24
email: tvmflash@gmail.com

**ജനറൽ എഡിറ്റർ** 9946108231 | **ബ്യൂറോ ചീഫ്** 9946108243

**കാർട്ടൂൺ, ഫലിതം**
shilinsolomon@gmail.com